# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.42306/AD A3/4/2019/ADMIN തീയതി.18.02.2020

2020 വർഷം മുതൽ ജി.പി.എ.ഐ.എസ്. പദ്ധതിയിൽ അംഗത്വം നേടണമെങ്കിൽ സർവകലാശാലയിലെ 50 വയസ്സിനുള്ളിൽ പ്രായമുള്ള എല്ലാ ജീവനക്കാരും നിർബന്ധമായും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ അംഗത്വം നേടിയിരിക്കണമെന്നും ഇതിൽ യാതൊരു ഇളവും നല്കുന്നതല്ലെന്നും കർശന നിർദ്ദേശം നൽകികൊണ്ട് സർക്കാർ സർക്കുലർ നം. 57/2019/ധന തീയതി, 30.05.2019 പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ, മിനിറ്റ്സ് ഇനം നം. 75/20.01/DDFS-42306/2019 തീയതി 15.02.2020 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ./ഐ.ക്യു.എ.സി./സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/3/ഓഡിറ്റ് 1/5/അക്കൗണ്ട്സ് 1
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 42306/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 18-Feb-2020 04:45 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

# കേരള സർക്കാർ

## ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്

## സർക്കുലർ

നമ്പർ 57/2019/ധന. *തിരുവനന്തപുരം, 2019 മേയ് 30.*

വിഷയം:—ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി-2019, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ അംഗത്വം എടുത്തിരിക്കണമെന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:—1. 12-1-2004 തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 25/2004/ധന.

2. 12-1-2004 തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 26/2004/ധന.

3. 19-10-2013 തീയതിയിലെ 79/എസ്റ്റാ-ഡി2/2013/ധന നമ്പർ പരിപത്രം.

## ഉത്തരവ്

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ, സ്വകാര്യ കോളേജുകൾ, സർവ്വകലാശാലകൾ, നഗരകോർപ്പറേഷനുകൾ, നഗരസഭകൾ, സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബോർഡുകൾ/സഹകരണ സ്ഥാപനങ്ങൾ മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ ജീവനക്കാരും, കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ എസ്.എൽ.ഐ., ജി.ഐ.എസ് പദ്ധതികളിൽ അംഗമാകാൻ യഥാക്രമം സൂചന 1, 2 എന്നിവ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിനു പുറമെ സർക്കാരിനു ഗണ്യമായ സാമ്പത്തിക താത്പര്യമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻഷുറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിരവധി സർക്കുലർ നിർദ്ദേശങ്ങൾ നിലവിലുണ്ടായിരുന്നിട്ടും കേരള സംസ്ഥാന

GCPT. 4/1942/2019/S-28.

വൈദ്യുതി ബോർഡ് ഉൾപ്പെടെയുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം എടുക്കുവാൻ വിമുഖത കാട്ടുന്നു എന്നതും എന്നാൽ ഇൻഷ്വറൻസ് വകുപ്പിന്റെ ജി.പി.എ.ഐ.എസ്. പദ്ധതിയിൽ അംഗത്വം കൂടുതലായി എടുത്തുവരുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ജി.പി.എ.ഐ.എസ്. അംഗത്വം ലഭിക്കുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ നിർബന്ധിതമായും അംഗത്വം നേടിയിരിക്കണമെന്ന് സൂചന 3-ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത സർക്കുലർ നിർദ്ദേശം നടപ്പാക്കാതെ, മേൽപ്പടി പറഞ്ഞ ഭൂരിഭാഗം സ്ഥാപനങ്ങളിലേയും ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ അംഗത്വം എടുക്കാതെ തന്നെ ജി.പി.എ.ഐ.എസ്. പദ്ധതിയിൽ എൻറോൾ ചെയ്തു വരുന്നു എന്നതും ആയത് ഓഡിറ്റ് തടസ്സവാദങ്ങൾക്ക് ഇടവരുത്തുന്നുണ്ട് എന്നതും വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ലെയിം ഉണ്ടാകുമ്പോൾ വകുപ്പ് ആയത് കൂടി പരിശോധിച്ച് ഉറപ്പ് വരുത്തി ക്ലെയിം അനുവദിക്കേണ്ടതാണെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ പരാമർശിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സൂചന 3 പ്രകാരമുള്ള പരിപത്രത്തിലെ നിർദ്ദേശത്തിൽ ഇളവ് നൽകി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എയ്ഡഡ് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർക്ക് എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ അംഗത്വം നിർബന്ധമായും നേടണമെന്ന വ്യവസ്ഥ 2019 വരെയുള്ള പദ്ധതി കാലയളവിലേക്ക് ഒഴിവാക്കി നൽകുന്നു. എന്നാൽ 2020 വർഷം മുതൽ ജി.പി.എ.ഐ.എസ് പദ്ധതിയിൽ അംഗത്വം നേടണമെങ്കിൽ മേൽപ്പടി സ്ഥാപനങ്ങളിലെ 50 വയസ്സിനുള്ളിൽ പ്രായമുള്ള എല്ലാ ജീവനക്കാരും നിർബന്ധമായും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ എസ്.എൽ.ഐ, ജി.ഐ.എസ്. പദ്ധതികളിൽ അംഗത്വം നേടിയിരിക്കണമെന്നും ഇതിൽ യാതൊരു ഇളവും നൽകുന്നതല്ലെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർക്കും, എയിഡഡ് സ്ഥാപനങ്ങളുടെ തലവൻമാർക്കും, എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവ്/മാനേജിംഗ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകുന്നു. 2020 വർഷം മുതൽ

മേൽപ്പടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ജി.പി.എ.ഐ.എസ്. പദ്ധതിയിൽ എൻറോൾ ചെയ്യുന്നതിനുമുമ്പായി ടി ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിൽ അംഗത്വം നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല ബന്ധപ്പെട്ട ഡി.ഡി.ഒ. മാരിൽ നിക്ഷിപ്തമായിരിക്കും.

ഫെറോൾഡ് സേവ്യർ,

*അഡീഷണൽ സെക്രട്ടറി (ധനകാര്യം).*

<u>പകർപ്പ്:</u>

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്എസ്എ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർഎസ്എ), കേരള, തിരുവനന്തപുരം.

കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും, യൂണിവേഴ്സിറ്റികൾക്കും, ഗവ:ബോർഡുകൾക്കും/കോർപ്പറേഷനുകൾക്കും, എയിഡഡ് സ്കൂളുകൾക്കും/പ്രൈവറ്റ് കോളേജുകൾക്കും,

നഗരകോർപ്പറേഷനുകൾക്കും/മുൻസിപ്പാലിറ്റികൾക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സഹകരണ സ്ഥാപനങ്ങളുടെ രജിസ്ട്രാർ (എല്ലാ സഹകരണ സ്ഥാപനങ്ങളിലും വ്യാപക പ്രചരണം നടത്തുന്നതിന്).

എല്ലാ വകുപ്പ് തലവന്മാർക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

എല്ലാ സെക്രട്ടറിമാർക്കും—അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി ആന്റ് അണ്ടർ സെക്രട്ടറി.

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറി.

പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ, കേരള നിയമസഭ.

പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്.

സെക്രട്ടറി, ഗവർണ്ണർ, കേരളം.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.